## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ല — നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. കെ.എം. സരസ്വതിയ്ക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. മീനാകുമാരി അമ്മ ഒ. യെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2443/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 17.09.2018

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.09.2014-ലെ ഇ 11(എസ് സി20/14/WYD) 13345/14 നമ്പർ കത്ത്

2. സർക്കാരിന്റെ 07.05.2015-ലെ 79095/ഇപിബി3/2014 തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീമതി. കെ.എം. സരസ്വതി സമർപ്പിച്ച 09.07.2015-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 26.06.2018-ലെ ഡി11-9916/15 നമ്പർ കത്ത്

## ഉത്തരവ്

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ബി.ആർ.ജി.എഫ്. പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കായി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് 2009-10 വർഷത്തിൽ മൻപദൻപാടി കോളനിയിൽ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിയ 4 പേർക്കുള്ള ഭവനപദ്ധതിയിൽ, 2 വീടുകൾ പണി പൂർത്തീകരിക്കാതെയും ഒരെണ്ണം പ്രവൃത്തി ആരംഭിക്കാത്തതായി കണ്ടെത്തുകയും, പൂർത്തീകരിക്കാത്തവയിൽ ഒരെണ്ണം ലിന്റൽ സ്റ്റേജ് വരെ പൂർത്തായാക്കിയതായും ഇതരവീട് റൂഫ് ലെവലിൽ എത്തിയിട്ടുള്ളതും എന്നാൽ വാതിലുകളും ജനലുകളും ഇല്ലായെന്നും, ഭാഗീകമായി പണിതീർത്ത രണ്ട് വീടുകൾക്കും പണി തീർത്തതായി കണക്കാക്കി മുഴുവൻ തുകയും, പ്രവർത്തി ആരംഭിക്കാത്ത വീട് ഒരു ലക്ഷം രൂപയും നൽകിയതായും, കൂടാതെ പണി പൂർത്തിയാക്കാത്തതും പ്രവർത്തി ആരംഭിക്കാത്തതുമായ വീടുകൾക്ക് സ്റ്റേജ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. സരസ്വതിയ്ക്ക് പരാമർശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കൂടാതെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയതു പ്രകാരം പഞ്ചായത്തിന് ആകെ നഷ്ടമായ 1,87,500/- രൂപയുടെ ഒരു വിഹിതമായ 46,875/- രൂപ

ശ്രീമതി. സരസ്വതിയിൽ നിന്നും ഈടാക്കുവാനും നിർദ്ദേശം നൽകിയിരുന്നു. കുറ്റപത്രത്തിന് ശ്രീമതി. സരസ്വതി പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീമതി. പുന്നാടത്തി എന്നവർ വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ശ്രീ. സുരേഷ്, ശ്രീമതി. ബിന്ദു എന്നിവരുടെ വീടുകളുടെ സ്റ്റേജിനനുസരിച്ച മാത്രമേ തുക അനുവദിച്ചിട്ടുള്ളുവെന്നും, പണം മുൻകൂറായി കൈയ്യിൽനിന്നും ചെലവഴിച്ച് വീടുപണി പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം അഡ്വാൻസായി അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. സുരേഷ്, ശ്രീമതി. ബിന്ദു എന്നിവർക്ക് തുക അനുവദിച്ചതെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി. സരസ്വതി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ശ്രീമതി. സരസ്വതി 31.10.2018-ന് സേവനത്തിൽ നിന്നും വിരമിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീമതി. സരസ്വതിയ്ക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയതിനാലും തുടർനടപടി സ്വീകരിക്കുന്നതിനു മുമ്പായി ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം നൽപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. കെ.എം. സരസ്വതിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മീനാകുമാരി അമ്മയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. മീനാകുമാരി അമ്മ ഒ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോഴിക്കോട്
   (കുറ്റപത്രം, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീമതി. കെ.എം. സരസ്വതി, മുൻ സെക്രട്ടറി, നൽപ്പുഴ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, നൽപ്പുഴ ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.79095/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ